പരമകാരുണികനും ഏറ്റവും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ

# നിങ്ങളുടെ ഉപജീവനമാർഗ്ഗം അനുഗ്രഹിക്കാൻ അല്ലാഹുവിനോട് അപേക്ഷിക്കുക

നമ്മുടെ സൃഷ്ടിയും കരുതലും ആരുടെ കയ്യിലാണോ ആ സർവ്വശക്തനായ അല്ലാഹുവിന് എല്ലാ സ്തുതിയും ചേരട്ടെ. മനുഷ്യകുലത്തെ സൃഷ്ടിക്കുകയും അവരുടെ എണ്ണം കണക്കാക്കുകയും അവരുടെ പരിപാലനം ഉറപ്പാക്കുകയും അവരിലൊരാളെയും മറക്കാതിരിക്കുകയും ചെയ്യുന്ന അല്ലാഹുവിന് എല്ലാ ആരാധനയും. അല്ലാഹുവല്ലാതെ ഒരു ദൈവവും ആരാധനയ്ക്ക് യോഗ്യനല്ല എന്നത് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. അല്ലാഹുവിന്റെ ദാസനും ദൂതനും, നല്ല പ്രവൃത്തികൾ ചെയ്യുന്നതിന് ജനങ്ങളെ പ്രേരിപ്പിച്ച മുഹമ്മദ് നബിക്കും (സ്വ) ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബിയിലും അവന്റെ കുടുംബാംഗങ്ങളിലും അനുയായികളിലും അവന്റെ രീതികളെ പിന്തുടർന്നവരിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ!

നാമെല്ലാവരും ഭയക്കേണ്ടവനായ അല്ലാഹുവിനെ ഭയക്കുക, അവന്റെ ഉത്തരവുകൾ പാലിക്കുക, അവനെ അനുസരിക്കാതിരിക്കരുത്. സൃഷ്ടികർമ്മം തൊട്ട് തന്റെ ജനത്തിന് അല്ലാഹു നൽകിയിരിക്കുന്ന അന്തർലീനമായ ഗുണവിശേഷമാണ് ഉപജീവനത്തിനായി പ്രവർത്തിക്കുന്നതിനുള്ള വാഞ്ചയെന്ന് അറിയുക, അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. ഓരോ ദിവസവും നിങ്ങൾക്ക് ചുറ്റുമുള്ള ആളുകൾ കഷ്ടപ്പെട്ട് ജോലി ചെയ്യുന്നത് നാം കാണാറുണ്ട്. തുടർന്നുവരുന്ന ജോലി ഏറ്റെടുത്ത് നടത്താനും സമ്പാദിച്ച പണം നിക്ഷേപിക്കുന്നതിനും തന്റെ ജനത്തോട് അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നത് പാലിക്കുകയാണിവർ. എല്ലാ ജീവിവർഗ്ഗങ്ങളുടെ കാര്യത്തിലും ഇത് സത്യമാണ്. സകല ജീവജാലങ്ങളും ജീവിതത്തിന്റെ പുതുശ്വാസം സ്വയം നിറച്ചുകൊണ്ട് പ്രഭാതത്തിൽ ദിവസം തുടങ്ങുന്നു. അതിനാൽ, അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ട്, ഇഹലോകത്തിലും പരലോകത്തിലും അല്ലാഹുവിന്റെ സഹായത്തിനും അനുഗ്രഹങ്ങൾക്കുമായി അപേക്ഷിക്കുന്നവരും ജോലി ചെയ്യുന്നതിനായി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവരും ആശയുടെ വിത്തുകൾക്ക് ജന്മം നൽകുന്നതിന് വേണ്ടി നെറ്റിത്തടത്തിൽ നിന്ന് വിയർപ്പ് തുടയ്ക്കുന്നവരും അനുഗ്രഹിക്കപ്പെട്ടവരാണ്.

അല്ലാഹുവിന്റെ ആജ്ഞകൾ അനുസരിച്ച് പ്രവർത്തിക്കുന്നവനോട് സർവ്വശക്തൻ പറയുകയാണ്: [അവൻ കണക്കാക്കാത്ത വിധത്തിൽ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്] (സൂറത്ത് അൽ ത്വലാഖ് 3). എല്ലാ

ആളുകളും താന്താങ്ങൾ ചെയ്യുന്ന ജോലിയിൽ സർവ്വശക്തന്റെ സഹായം അഭ്യർത്ഥിക്കേണ്ടതുണ്ട്, തങ്ങളുടെ പ്രവർത്തികളെല്ലാം അല്ലാഹുവിനെ ഏൽപ്പിക്കുകയും ചെയ്യണം. ഇങ്ങനെ ചെയ്യുന്നവരോട് അല്ലാഹു പറയുന്നു: [ആകാശത്ത് നിങ്ങൾക്കുള്ള ഉപജീവനവും, നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യങ്ങളുമുണ്ട്] (സൂറത്ത് അൽ ദാരിയാത് 22).

പ്രിയ മുസ്ലീങ്ങളേ!

നിലവിൽ മനുഷ്യരുടെ ജീവിതം ഒട്ടേറെ പരിണാമങ്ങൾക്ക് വിധേയമായിരിക്കുന്നു, അതിന്റെ ഫലമായി മനുഷ്യരുടെ ആവശ്യകതകളും മാറിയിരിക്കുന്നു. പഴയ കാലത്ത് ആഡംബരം എന്ന് കരുതിപ്പോന്ന പല കാര്യങ്ങളും അത്യാവശ്യമായിരിക്കുന്നു. അതിനാൽ, ഇത്തരം അത്യാവശ്യങ്ങൾ എങ്ങനെ പൂർത്തീകരിക്കാൻ പറ്റുമെന്നാണ് എല്ലാവരുടെയും ആലോചന. അതിനാൽ ഉൽക്കണ്ഠകൾ ആളുകളെ പിടിമുറുക്കിയിരിക്കുന്നു, ക്ഷീണം കൊണ്ട് അവർ അവശരാകുന്നു, ദുരിതവും സഹനവും അവരെ മങ്ങലേൽപ്പിക്കുന്നു. ഉപജീവനത്തിന് എന്ത് ചെയ്യണമെന്ന് ആജ്ഞാപിച്ചുകൊണ്ടാണ് മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചതെങ്കിലും മനുഷ്യൻ ശരിയായ പാതയിൽ നിന്ന് വളരെയധികം അകന്നുപോയിരിക്കുന്നു. മനുഷ്യൻ ജോലി ഉപേക്ഷിക്കുകയും അവഗണിക്കുകയും ചെയ്യുന്നു, ജീവിതത്തിൽ അനുഗ്രഹം ഉണ്ടാകുന്നതിനുള്ള സ്രോതസ്സുകളിൽ നിന്ന് അവൻ മുഖം തിരിക്കുന്നു. വിശുദ്ധ ഖുറാൻ വായിക്കുകയും പ്രവാചകന്റെ (സ്വ) കൽപ്പനകൾ മനസ്സിലാക്കുകയും ചെയ്തിരുന്നുവെങ്കിൽ, മനുഷ്യന് പരിഹാരം കണ്ടെത്താനാവുമായിരുന്നു. പരിഹാരമാർഗ്ഗങ്ങളിൽ ഏറ്റവും മുകളിലുള്ളത് ധർമ്മനിഷ്ഠയാണ്, മനുഷ്യന് അല്ലാഹുവിന്റെ പിന്തുണയും സഹായവും ഇതുവഴി ലഭിക്കുന്നു, താൻ പ്രതീക്ഷിക്കാത്തത്രയും നൽകുന്ന ഉപജീവനമാർഗ്ഗം ധർമ്മനിഷ്ഠയിലൂടെ അവന് ലഭിക്കുന്നു, ധാരാളമായി പലതും അല്ലാഹു അവന് വെളിപ്പെടുത്തുകയും ചെയ്യുന്നു. സർവ്വശക്തനായ അല്ലാഹു പറയുന്നു, [അങ്ങനെ അവർ (വിവാഹമുക്തകൾ) അവരുടെ അവധിയിൽ എത്തുമ്പോൾ നിങ്ങൾ ന്യായമായ നിലയിൽ അവരെ പിടിച്ച് നിർത്തുകയോ, ന്യായമായ നിലയിൽ അവരുമായി വേർപിരിയുകയോ ചെയ്യുക. നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാൻമാരെ നിങ്ങൾ സാക്ഷി നിർത്തുകയും അല്ലാഹുവിന് വേണ്ടി സാക്ഷ്യം നേരാംവണ്ണം നിലനിർത്തുകയും ചെയ്യുക. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചു കൊണ്ടിരിക്കുന്നവർക്ക് ഉപദേശം നൽകപ്പെടുന്നതത്രെ അത്. അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവനൊരു പോംവഴി ഉണ്ടാക്കികൊടുക്കുകയും അവൻ കണക്കാക്കാത്ത വിധത്തിൽ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തൻറെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്] (സൂറത്ത് അൽ ത്വലാഖ് 2-3). സർവ്വശക്തനായ അല്ലാഹു ഇങ്ങനെയും പറയുന്നു, [ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷെ അവർ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്ത് വെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി] (സൂറത്ത് അൽ അഅ്റാഫ് 96).

അല്ലാഹുവിനോടുള്ള അനുസരണ, നമ്മുടെ ധർമ്മനിഷ്ഠ, ദൈവഭയം എന്നീ ഗുണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നമ്മുടെ ഉപജീവനത്തിന് മേൽ അല്ലാഹു അനുഗ്രഹം വർഷിക്കുക. അതിനാൽ, സൃഷ്ടാവും പരിപാലകനുമായ അല്ലാഹുവിനെ അനുസരിക്കാതിരിക്കുന്ന ഒരു വ്യക്തി, തന്റെ ഉപജീവനത്തിന് അല്ലാഹുവിന്റെ അനുഗ്രഹത്തിന് വേണ്ടി അപേക്ഷിക്കുന്നതും ഉപജീവനത്തിന്റെ ഫലങ്ങൾ വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതും യുക്തിരാഹിത്യമാണ്.

വിശ്വാസത്തിൽ സഹോദരരേ!

ബന്ധുജനങ്ങളുമായി സംസർഗ്ഗം പുലർത്തുന്നതാണ് ഉപജീവനമാർഗ്ഗത്തിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിന് അനുഗ്രഹം ലഭിക്കുന്നതിനും ഉള്ള ഏറ്റവും മഹത്തായ ധർമ്മനിഷ്ഠ. സത്യത്തിൽ ബന്ധുജന സംസർഗ്ഗം എന്ന ഗുണം, ഇസ്ലാമിക ധാർമ്മികതയുടെ പ്രധാനപ്പെട്ട ഭാഗമാണ്, പ്രവാചകൻ (സ്വ) പലപ്പോഴും ഇത് ഊന്നിപ്പറയുന്നുമുണ്ട്. പ്രവാചകൻ (സ്വ) പറയുന്നു (സ്വന്തം കുടുംബത്തോട് കരുണ കാണിക്കുന്നവനും കുടുംബാംഗങ്ങൾക്ക് നല്ലത് ചെയ്യുന്നവനുമാണ് നമ്മുടെ കൂട്ടത്തിലെ ഏറ്റവും മികച്ചവൻ). തന്റെ രാജ്യം ബന്ധുജനങ്ങളുമൊത്ത് നന്നായി ഇടപഴകുന്നുണ്ടെന്ന് പ്രവാചകൻ (സ്വ) ഉറപ്പാക്കിയിരുന്നു, ബന്ധുജന സംസർഗ്ഗം കൊണ്ട് സമ്പത്തും ജീവിതവും അനുഗ്രഹമായി ലഭിക്കുമെന്നും രാജ്യത്തെ ജനങ്ങളെ പ്രവാചകൻ (സ്വ) ഉദ്ബോധിപ്പിച്ചു. അതുകൊണ്ടാണ് നബി തിരുമേനി (സ്വ) ഇങ്ങനെ പറഞ്ഞത്, (സ്നേഹം നൽകുന്നവർക്ക് കൂടുതൽ സമ്പത്ത് പ്രതിഫലമായി നൽകപ്പെടും, ബന്ധുജനങ്ങളുമായി നല്ല സംസർഗ്ഗം പുലർത്തുന്നവർക്ക് നീണ്ട ജീവിതവും ലഭിക്കും). അതിനാൽ അല്ലാഹു നിങ്ങളിൽ സമ്പത്തും ജീവിത വിജയങ്ങളും വർഷിക്കുന്നതിന് ബന്ധുജനങ്ങളുമായി നല്ല സംസർഗ്ഗം പുലർത്തുന്നതിന് ശ്രമിക്കുക, അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. കൂടുതലായി, ബന്ധുജനങ്ങളുമായി നല്ല സമ്പർക്കത്തിലുള്ളവരെ അല്ലാഹു പിന്തുണയ്ക്കും, അവരുടെ അതിജീവനവും ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കും. പാവപ്പെട്ടവർക്കും ആവശ്യക്കാർക്കും വേണ്ട ആവശ്യങ്ങളെല്ലാം, സ്വന്തം സഹോദരന് വേണ്ട ആവശ്യങ്ങൾ എന്ന പോലെ ചെയ്തുകൊടുക്കുന്നവരുടെ ആവശ്യങ്ങൾ അല്ലാഹു നിറവേറ്റിത്തരും എന്നറിയുക; ഒരു മുസ്ലീമിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നവരുടെ പ്രശ്നങ്ങൾ ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അല്ലാഹു പരിഹരിക്കും. അതിനാൽ അല്ലാഹുവിന്റെ ദാസരേ, ആവശ്യക്കാരുടെ ദുരിതങ്ങൾക്ക് ശമനമേകുവിൻ, കാരുണ്യപ്രവൃത്തികൾ കൊണ്ട് അനാഥരുടെ കണ്ണീരൊപ്പുവിൻ, കാരണം പണം വർദ്ധിക്കുന്നതിനുള്ള ഒരു നല്ല കാരണം കാരുണ്യപ്രവൃത്തികളാണ്. നബി തിരുമേനി (സ്വ) പറയുന്നു, (ധാനധർമ്മങ്ങൾ - സക്കാത്ത് - ചെയ്യുന്നത് കൊണ്ട് ഒരു ധനവാനും ദാരിദ്ര്യം അനുഭവിക്കേണ്ടി വരില്ല).

അല്ലാഹുവിന്റെ ദാസരേ, കാരുണ്യപ്രവൃത്തികൾക്ക് പല ഗുണങ്ങളും ഉണ്ട്. ദൈവകൃപ ആകർഷിക്കുന്നതിനും നല തിന്മകളെയും അകറ്റുന്നതിനുമുള്ള ഒരു നല്ല കാരണമാണിത്, കാരുണ്യപ്രവൃത്തികൾ നടത്തുന്ന സന്മനസ്സുകൾ അർത്ഥിക്കുന്നത് അല്ലാഹു കേൾക്കാതിരിക്കില്ല. [അവരെ നേർവഴിയിലാക്കാൻ നീ ബാധ്യസ്ഥനല്ല. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. നല്ലതായ എന്തെങ്കിലും നിങ്ങൾ ചെലവഴിക്കുകയാണെങ്കിൽ അത് നിങ്ങളുടെ നൻമയ്ക്ക് വേണ്ടി തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ട് മാത്രമാണ് നിങ്ങൾ ചെലവഴിക്കേണ്ടത്. നല്ലതെന്ത് നിങ്ങൾ ചെലവഴിച്ചാലും

അതിന്നുള്ള പ്രതിഫലം നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുന്നതാണ്. നിങ്ങളോട് ഒട്ടും അനീതി കാണിക്കപ്പെടുകയില്ല] (സൂറത്ത് അൽ ബഖറ 272).

പ്രിയ മുസ്ലീങ്ങളേ!

ജാഗ്രതയുള്ളവനും കഠിന പ്രയത്നം ചെയ്യുന്നവനും മടി ഉപേക്ഷിക്കുന്നവനുമാണ് ശരിയായ ഉപജീവനമാർഗ്ഗം പിന്തുടരുന്നവൻ, കാരണം ആകാശത്തുനിന്ന് സ്വർണ്ണമോ വെള്ളിയോ പൊഴിയുന്നില്ലല്ലോ ! കഠിന പ്രയത്നം ചെയ്തുകൊണ്ട്, ഉപജീവനമാർഗ്ഗത്തെ ഗൗരവമായി പിന്തുടരുന്ന ഏതൊരാൾക്കും അല്ലാഹു വിജയം നൽകും, ലക്ഷ്യം നേടുന്നതിനായി അവന്റെ ശ്രമങ്ങളെ അനുഗ്രഹിക്കും. സർവ്വശക്തനായ അല്ലാഹു പറയുന്നു, [(നബിയേ,) പറയുക: നിങ്ങൾ പ്രവർത്തിച്ച് കൊള്ളുക. അല്ലാഹുവും അവൻറെ ദൂതനും സത്യവിശ്വാസികളും നിങ്ങളുടെ പ്രവർത്തനം കണ്ടുകൊള്ളും. അദൃശ്യവും ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതും, നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അപ്പോൾ അവൻ നിങ്ങളെ വിവരമറിയിക്കുന്നതുമാണ്] (സൂറത്ത് അൽ തൗബ 105). ഏറ്റവും കഠിനമായ സാഹചര്യങ്ങളിലൂടെ കടന്നുപോകാൻ നിർബന്ധിക്കപ്പെട്ട മർയത്തിന് (സ്വ) അല്ലാഹു എന്താണ് വെളിപ്പെടുത്തിയതെന്ന് നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? അവളോട് സർവ്വശക്തനായ അല്ലാഹു പറഞ്ഞു, [നീ ഈന്തപ്പനമരം നിന്റെ അടുക്കലേക്ക് പിടിച്ചുകുലുക്കിക്കൊള്ളുക. അത് നിനക്ക് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്] (സൂറത്ത് അൽ മർയം 25). സത്യത്തിൽ, ഈന്തപ്പനമരം അവൾ കുലുക്കാതെ തന്നെ സർവ്വശക്തനായ അല്ലാഹുവിന് ഈന്തപ്പന വളച്ച് ഈന്തപ്പഴം പറിക്കാൻ അവളെ സഹായിക്കാമായിരുന്നു. അല്ലെങ്കിൽ, ഒരു പ്രയത്നവും കൂടാതെ തന്നെ ഈന്തപ്പഴത്തിന്റെ രുചി അവളുടെ വായ്ക്കുള്ളിൽ അല്ലാഹുവിന് നിറയ്ക്കാമായിരുന്നു. എന്നാൽ, തന്റെ ദാസരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പഠിപ്പിക്കുന്നവനാണ് സർവ്വശക്തനായ അല്ലാഹു. അതിനാൽ, യുവാക്കളേ, നിങ്ങളാണ് രാഷ്ട്രത്തിന്റെ സമ്പത്തും നെടും തൂണുകളും; അതിനാലാണ് നിങ്ങൾക്ക് വികസനം ഉണ്ടാകുന്നതും നിങ്ങൾ അഭിവൃദ്ധിപ്പെടുന്നതും. എല്ലാ പ്രവൃത്തികളിലും അല്ലാഹുവിനെ ആശ്രയിക്കുക, അവന്റെ അനുഗ്രഹങ്ങൾക്കായി അർത്ഥിക്കുക, കൃത്യ സമയത്തിന് ജോലി തുടങ്ങുന്നതും അതവസാനിക്കുന്നത് വരെ അടക്കം പാലിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുന്നതിനുള്ള ഒരു കാരണമാണെന്ന് അറിയുക. അല്ലാഹുവിന്റെ ദൂതനായ നബി (സ്വ) പറയുന്നു, (അല്ലാഹുവേ, എന്റ ജനങ്ങളെ ദിവസത്തിന്റെ ആരംഭത്തിൽ (പ്രഭാതത്തിൽ) അനുഗ്രഹിക്കുക).

എനിക്കും നിങ്ങൾക്കും ലോകത്തിലെ മറ്റ് മുസ്ലീങ്ങൾക്കും വേണ്ടി അല്ലാഹുവിൽ നിന്ന് ഞാൻ മാപ്പപേക്ഷിക്കുന്നു. മാപ്പുനൽകുന്നവനും ദയാപരനുമാണ് അല്ലാഹു. മാപ്പപേക്ഷിക്കുന്ന നിങ്ങളോട് അവൻ പ്രതികരിക്കും. മാപ്പ് അപേക്ഷിക്കുന്നവരെ അവനൊരിക്കലും കൈവിടില്ല, ദയാനിധിയാണ് അവൻ.

**********************************

പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ആകൃതി നൽകുകയും ചെയ്ത അല്ലാഹുവിന് എല്ലാ സ്തുതിയും ചേരട്ടെ. അവനാണ് നമ്മെ കാത്തുപരിപാലിക്കുന്നതും നയിക്കുന്നതും. എണ്ണാനോ കണക്കാക്കാനോ കഴിയാത്തതിനേക്കാൾ അനുഗ്രഹങ്ങൾ വർഷിക്കുന്ന അല്ലാഹു അല്ലാതെ

ആരാധനയ്ക്ക് അർഹനായ മറ്റൊരു ദൈവമില്ല. അല്ലാഹുവിന്റെ പ്രവാചകനും ദൂതനുമാണ് മുഹമ്മദ് നബി (സ്വ) എന്നതിനും അല്ലാഹുവിനെ ഓർമ്മിക്കുന്നവരും ക്ഷമ കാണിക്കുന്നവരും നന്ദിയുള്ളവരുമായ വിശ്വാസികൾക്ക് ഏറ്റവും നല്ല മാതൃകയാണ് നബി തിരുമേനിയെന്നതിനും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവന്റെ മേലും അവന്റെ കുടുംബാംഗങ്ങളുടെ മേലും അവന്റെ എല്ലാ അനുയായികളുടെ മേലും അല്ലാഹു സമാധാനവും അനുഗ്രഹവും ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ!

ഭയപ്പെടേണ്ടവനായ അല്ലാഹുവിനെ ഭയപ്പെടുക, ഇസ്ലാമിന്റെ ആചാരാനുഷ്ഠാനങ്ങളിൽ അടിയുറച്ച് നിൽക്കുക, അല്ലാഹു കൽപ്പിച്ചിട്ടുള്ളവയിലൊന്നാണ് ഉപജീവനമെന്ന് മനസ്സിലാക്കുക, ശക്തിയും ഏകാധിപത്യവും കൗശലവും തന്ത്രവും കൊണ്ട് ജീവിതത്തിൽ അതിജീവിക്കാമെന്ന് വ്യാമോഹിക്കരുത്. വിവേകപൂർണ്ണമായാണ് സർവ്വശക്തനായ അല്ലാഹു ഉപജീവനമാർഗ്ഗ വിതരണം നടത്തിയിരിക്കുന്നത്, മനുഷ്യർക്കിത് മനസ്സിലാകില്ല. [അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്ക് വെച്ചു കൊടുക്കുന്നത്? നാമാണ് ഐഹികജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിതമാർഗം പങ്ക് വെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചു വെക്കുന്നതിനെക്കാൾ ഉത്തമം] (സൂറത്ത് അൽ സുഖ്റുഫ് 32) എന്ന് പറഞ്ഞ അല്ലാഹു ആരാധിക്കപ്പെടട്ടെ.

വിശ്വാസികളേ, ധാരാളിത്തത്തിലല്ല നിങ്ങളുടെ ഉപജീവനത്തിന്റെ നേട്ടം നിലനിൽക്കുന്നതെന്നും അല്ലാഹുവിന്റെ അനുഗ്രഹമാണ് അതിന്റെ അടിസ്ഥാനമെന്നും മനസ്സിലാക്കുക. ആയിരക്കണക്കിന് രൂപാ സമ്പാദിക്കുന്നുവെങ്കിലും വരുമാനത്തിന്റെ ഇരട്ടിയോളം വായ്പയടക്കേണ്ടി വരുന്ന ആളുകളുടെ എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ചെറിയ വരുമാനമാണ് ഉള്ളതെങ്കിലും ഒരു വീട് പണികഴിപ്പിച്ച് കുടുംബത്തിനെ നല്ല രീതിയിൽ പോറ്റുന്നവരും നമുക്ക് മുന്നിലുണ്ട്. ധാരാളം കുട്ടികളുള്ള മാതാപിതാക്കളും നമുക്ക് മുന്നിലുണ്ട്, എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അഭാവത്താൽ മാതാപിതാക്കൾക്ക് മക്കളൊരു ദുരിതകാരണം ആയിത്തീരുന്നു. അതുകൊണ്ടാണ്, നിങ്ങളുടെ ഉപജീവനത്തിന് നല്ല പ്രഭാവം ഉണ്ടാകണമെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹം അഭ്യർത്ഥിക്കണമെന്ന് പറയുന്നത്.

വിശ്വാസത്തിൽ സഹോദരരേ!

വിജയ പാത ലഭിക്കുന്നതിന് ഒരു യഥാർത്ഥ വിശ്വാസി തന്റെ പ്രഭുവായ അല്ലാഹുവിൽ അഭയം പ്രാപിക്കണം, എങ്കിലേ അവന്റെ ഉപജീവനത്തെ അല്ലാഹു അനുഗ്രഹിക്കുകയുള്ളൂ. അങ്ങനെയാണ് ദൂതന്മാരും പ്രവാചകരും ധർമ്മിഷ്ഠരും പ്രവർത്തിച്ചിരുന്നത്. പ്രവാചകനായ ഇബ്രാഹമീന്റെ (സ്വ) ഉദാഹരണം കാണുക. തന്റെ പിന്മുറക്കാരെ ശൂന്യമായ ഒരു താഴ്വരയിൽ ആക്കിയപ്പോൾ അവരുടെ ഭൂമി വർദ്ധിക്കുന്നതിനും താഴ്വരയുടെ സമ്പുഷ്ടി വർദ്ധിപ്പിക്കുന്നതിനും അവൻ അല്ലാഹുവിനോട് അപേക്ഷിച്ചു. അതുകൊണ്ട്, ഇബ്രാഹീം (സ്വ) പറഞ്ഞു, [അല്ലാഹു ഞങ്ങളെ ഞങ്ങളുടെ വഴികളിൽ ചേർത്ത് തന്നിരിക്കെ അവന്റെ മേൽ ഭരമേൽപിക്കാതിരിക്കാൻ ഞങ്ങൾക്കെന്തു ന്യായമാണുള്ളത്? നിങ്ങൾ ഞങ്ങളെ ദ്രോഹിച്ചതിനെപ്പറ്റി ഞങ്ങൾ ക്ഷമിക്കുക തന്നെ ചെയ്യും. അല്ലാഹുവിന്റെ മേലാണ്

ഭരമേൽപിക്കുന്നവരെല്ലാം ഭരമേൽപിക്കേണ്ടത്] (സൂറത്ത് അൽ ഇബ്രാഹീം 12). അപ്പോൾ, ഈ നിർമ്മലമായ പ്രാർത്ഥന ദൈവം കൈക്കൊണ്ടു, അവന് മറുപടി നൽകുകയും ചെയ്തു. അല്ലാഹുവിൽ നിന്നല്ലാതെ മറ്റൊരാളിൽ നിന്നും സഹായം അഭ്യർത്ഥിക്കാത്ത വ്യക്തിയെയാണ് നാം ശരിയായ വിശ്വാസി എന്ന് വിളിക്കേണ്ടത്. അത്തരക്കാർ ഒരിക്കലും ധനവാന്റെ വാതിൽക്കൽ സഹായാഭ്യർത്ഥനയുമായി ചെല്ലില്ല, യാചിക്കുകയും അർത്ഥിക്കുകയും ചെയ്തുകൊണ്ട് തന്റെ യശസ്സ് കളങ്കിതമാക്കുകയുമില്ല. എല്ലാവരെയും കാത്തുപരിപാലിക്കുന്നത് അല്ലാഹുവാണെന്നും കൂട്ടം ചേർന്നാലും ഒറ്റയ്ക്കായാലും അല്ലാഹുവിന്റെ സഹായമില്ലെങ്കിൽ മനുഷ്യർ നിസ്സഹായരാണെന്നും അവന് നിശ്ചയമായ ബോധ്യമുണ്ട്. അതുകൊണ്ടാണ് ശരിയായ വിശ്വാസി, ശിരസ്സ് ഉയർത്തിപ്പിടിക്കുമെന്നും സ്വന്തം അന്തസ്സും മാനവും കാക്കുമെന്നും പറയുന്നത്. നഷ്ടപ്പെട്ട ജീവിതാവസരങ്ങളെ ചൊല്ലി അവൻ വിലപിക്കില്ല, കാരണം അവസരം നിഷേധിക്കുന്നതും നൽകുന്നതും അല്ലാഹുവാണെന്നും പ്രവൃത്തികളിൽ അല്ലാഹു വിവേകിയാണെന്നും ദയാപരനാണെന്നും അവനറിയാം.

അതിനാൽ, അല്ലാഹുവിന്റെ ദാസരേ, നിങ്ങൾ ചെയ്യുന്ന ബിസിനസ്സിൽ അവനെ ഭയപ്പെടുക, കാരണം നിങ്ങളുടെ ഉപജീവനത്തെ അല്ലാഹുവാണ് അനുഗ്രഹിക്കുന്നത്. [നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്] (സൂറത്ത് അൽ ബഖറ 186) എന്ന് പറഞ്ഞ അല്ലാഹു ആരാധിക്കപ്പെടട്ടെ.

നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്. (സൂറത്ത് അൽ ബഖറ 186).

അതിനാൽ, സന്ദേശവാഹകരുടെ നേതാവായ മുഹമ്മദ് നബിയിൽ (സ്വ) അങ്ങയുടെ അനുഗ്രഹം ചൊരിയുക, കാരണം വിശുദ്ധ പുസ്തകത്തിൽ അല്ലാഹു ഇങ്ങനെ പറയുന്നു: [തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് (സ്വ) കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക] (സൂറത്ത് അൽ അഹ്സാബ് 56).

അല്ലാഹു! അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും (സ്വ) അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിയേണമേ. അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിയേണമേ. നീ മാത്രമാണ് ആരാധനയ്ക്ക് അർഹനും ഏറ്റവും ശ്രേഷ്ഠനും.

ധർമ്മനിഷ്ഠരായ ഖലീഫയുടെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും വിശ്വാസികളുടെയും മേൽ അന്തിമ വിധി ദിവസം വരെയും നീ കരുണ ചൊരിയണേ. ഞങ്ങളിലും കരുണ ചൊരിയണേ. അല്ലാഹു, നീയാണ് ഏറ്റവും ദയാപരൻ.

അല്ലാഹു! ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണേ, ഞങ്ങളെ സമാധാനത്താൽ പ്രസരിപ്പിക്കണേ, പാപത്തിൽ നിന്ന് പരിരക്ഷിക്കണേ, ഞങ്ങളുടെ മതത്തിൽ ഞങ്ങൾക്ക് പോരായ്മകളൊന്നും തോന്നിക്കരുതേ.

അല്ലാഹു! മാർഗ്ഗനിർദ്ദേശവും ഭക്തിയും പരിശുദ്ധിയും ധനവും തന്ന് ഞങ്ങളെ അനുഗ്രഹിക്കണേ.

അല്ലാഹു! സത്യസന്ധമായ നാവും പാപബോധമുള്ളതും വിനയമുള്ളതുമായ ഹൃദയവും ധർമ്മനിഷ്ഠമായ പ്രവൃത്തികളും ഉപയോഗപ്രദമായ അറിവും ഉറച്ചതും പരിശുദ്ധവുമായ വിശ്വാസവും നിയമപരമായ ഉപജീവനമാർഗ്ഗവും തന്ന് ഞങ്ങളിൽ ഓരോരുത്തരെയും അനുഗ്രഹിക്കണേ. അല്ലാഹു, നീ മാത്രമാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഇസ്ലാമിനും മുസ്ലീങ്ങൾക്കും യശസ്സ് തരേണമേ. ഇസ്ലാമിനും മുസ്ലീങ്ങൾക്കും പിന്തുണയും ഐക്യവും നൽകണേ. അല്ലാഹു! സ്വേച്ഛാധിപതികളെയും അവിശ്വാസികളെയും താഴ്ത്തണേ. അല്ലാഹു! ഞങ്ങൾ എല്ലാ ദാസർക്കും സമാധാനവും സുരക്ഷയും നൽകണേ.

അല്ലാഹു! ഞങ്ങളുടെ മാതൃരാജ്യത്തിന് സുരക്ഷിതത്വം നൽകണേ! ഞങ്ങളുടെ മാതൃരാജ്യത്തിൽ ഞങ്ങൾക്ക് നീണ്ട സുരക്ഷയും സ്ഥിരതയും നൽകണേ! ഞങ്ങളുടെ സുൽത്താന് യശസ്സ് നൽകണേ, സത്യ പിന്തുണ നൽകിക്കൊണ്ടും സത്യത്തിലേക്ക് നയിച്ചുകൊണ്ടും ഞങ്ങളുടെ സുൽത്താനെ സഹായിക്കണേ.

അല്ലാഹു! ആകാശത്തിൽ നിങ്ങൾക്കായി മഴയെ അയയ്ക്കണേ, രാത്രിയും പകലും നിന്നെ ഓർക്കുന്നവരായും പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ മാപ്പിന് അപേക്ഷിക്കുന്നവരായും ഞങ്ങളെ മാറ്റണേ.

അല്ലാഹു! ആകാശത്തിന്റെ അനുഗ്രഹങ്ങളും ഭൂമിയുടെ ഔദാര്യവും ഞങ്ങളിൽ ചൊരിയണേ. ഞങ്ങളുടെ ഫലങ്ങളും വിളകളും ഞങ്ങളുടെ ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കണേ. അല്ലാഹു, നീയാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഈ ലോകത്തിലും പരലോകത്തിലും ഞങ്ങൾക്ക് നല്ലത് തരേണമേ, അഗ്നി ശിക്ഷയിൽ നിന്ന് ഞങ്ങളെ പരിരക്ഷിക്കണേ."

നീ നിർദ്ദേശിച്ചതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ വ്യതിചലിക്കാൻ അനുവദിക്കരുതേ, നിന്റെ കരുണ ഞങ്ങളിൽ ചൊരിയേണമേ, തീർച്ചയായും നീ മാത്രമാണ് അനുഗ്രഹം ചൊരിയുന്നവൻ.

അല്ലാഹു! ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റുചെയ്തവരാണ്. നീ മാപ്പ് തരികയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ പരാജിതരാകും."

അല്ലാഹു! ജീവിക്കുന്നവരും മരിച്ചവരുമായ, വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും മാപ്പ് നൽകണേ. നീ മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നവനും അനുഗ്രഹങ്ങൾ നൽകുന്നവനും.

അല്ലാഹുവിന്റെ ദാസരേ! [തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു].